# പതിമൂന്നാം കേരളനിയമസഭ

# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6220 08.07.2014 ൽ മറുപടിക്ക്

**എൻഡോസൾഫാൻ ദുരിതബാധിതരായി മരണപ്പെട്ടവരുടെ ആശ്രിതർക്കുള്ള ധനസഹായം**

| ചോദ്യം<br>ശ്രീ. സി. കൃഷ്ണൻ : | | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിതബാധിതരായി മരണപ്പെട്ടവരുടെ ആശ്രിതർക്ക് ദേശീയ മനുഷ്യവകാശ കമ്മീഷൻ ശുപാർശപ്രകാരം അനുവദിച്ച 5 ലക്ഷം രൂപയുടെ ധനസഹായത്തിന്റെ രണ്ട് ഗഡുക്കൾ (3 ലക്ഷം രൂപ) എത്രപേർക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | ഒന്നാം ഗഡു 610 പേർക്കും രണ്ടാം ഗഡു 600 പേർക്കും വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ധനസഹായം ഏതു തീയതിവരെ മരണപ്പെട്ടവരുടെ ആശ്രിതർക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | 07.04.2013 വരെ മരണപ്പെട്ടവരുടെ ആശ്രതർക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | മരണപ്പെട്ടവരുടെ ആശ്രിതരിൽ എത്ര പേർക്ക് ഇനിയും തുക വിതരണം ചെയ്യാനുണ്ടെന്ന് ലിസ്റ്റ് സഹിതം അറിയിക്കുമോ; | (സി) യും (ഡി) യും | ധനസഹായത്തിനുള്ള അർഹത സംബന്ധിച്ചും അവകാശികളെ സംബന്ധിച്ചും സ്പഷ്ടീകരണം ആവശ്യമായ 10 കേസുകളിൽ രണ്ടാം ഗഡു വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. |
| (ഡി) | മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | | |

Manjith

സെക്ഷൻ ഓഫീസർ